– മിനിക്കഥ

## ചിറകറ്റ പക്ഷി

സുന്ദരി.. നീയെന്നും അകലെയായിരുന്നു. എന്നിട്ടും തികച്ചും അപരിചിതയായ നിന്നെ ഒരുപാടു മോഹന വാഗ്ദാനങ്ങളും അതിവിശിഷ്ട സമ്മാനങ്ങളും നൽകിയെൻെറ കൈകളിലേൽപിച്ചു. എന്നുമെൻെറ സഹയാത്രികയായി നീയെനിക്കു ധൈര്യം പകർന്നു തന്നു. എൻ ഹൃദയത്തുടിപ്പുകൾ നിൻെറ സംഗീതത്തിനു താളമേകി. എൻ ശ്വാസഗതി നിൻെറ ചിന്തകൾക്കു വേഗതയേകി. ജീവിതത്തിൻെറ വസന്തം ഞാനും അനുഭവിച്ചറിയുകയായിരുന്നു.

നെയ്തെടുത്ത സ്വപ്നങ്ങളെല്ലാം മോഹങ്ങളായി. മോഹങ്ങൾക്കെല്ലാം നീ സക്ഷാൽക്കാരം. എൻെറ ചിറകുകൾ പതിവിലുമധികം ശക്തിയാർജിച്ചു മതിൽക്കെട്ടുകൾപ്പുറം പറന്നകന്നു. കുന്നുകളും കടലുകളും താണ്ടി വെണ്മേഘങ്ങളെപ്പിളർന്നു കാണാത്ത രാജ്യങ്ങൾ കാണാനുള്ള ധൃതിയിൽ ഞാൻ എല്ലാം മറക്കുകയായിരുന്നു. എന്നോടൊപ്പം നീ വളർന്നതും ഞാനറിഞ്ഞില്ല. പരിധിക്കുമപ്പുറം നീ വളർന്നിട്ടും..? നിൻെറയച്ഛൻെറ മുന്നറിയിപ്പു തികച്ചും അവഗണിക്കുകയായിരുന്നു!

ദിവസങ്ങൾ വർഷങ്ങളായതറിഞ്ഞില്ല. ഞാനറിയാനഗ്രഹിച്ചില്ല. നീയും നിൻെറ കുടുംബവുമെന്നെ വഞ്ചിക്കുകയായിരുന്നുവെന്ന സത്യം ഞാനറിയാൻ ഒരുപാടു വൈകിപ്പോയതിൽ ഇന്നു ദുഖിച്ചിട്ടെന്തു കാര്യം..? വയനാടൻ കർഷക കദന കഥകളറിഞ്ഞ ഞാൻ മാസശംമ്പളത്തിൽ നിന്നും ഒരുതുണ്ടു കയറിനു കാശു തിരയുകയായിരുന്നു.

സുന്ദരീ.. "ക്രെഡിറ്റ് കാർഡ്" എന്ന ഓമനപ്പേർ നിനക്കാരു സമ്മാനിച്ചു?. നീയെത്രയെത്ര കുടുംബങ്ങളെ കടത്തിൻെറ ഊരാക്കുടുക്കിൽപെടുത്തി. ഇനിയും നിനക്കു മതിയായില്ലെ?. നിൻെറ രൂപം ഇന്നെനിക്കു ഭീകര സത്വമായി തോന്നുന്നു. എല്ലാം എൻെറ തെറ്റ്. മോഹന വാഗ്ദാനങ്ങൾ ഞാൻ വെറുക്കണമായിരുന്നു. ഇന്ന് ഈ മതിലുകൾക്കുള്ളിൽ ചിറകറ്റ പക്ഷിയായി ഞാൻ ഇരുമ്പഴികൾ എണ്ണി ദിവസങ്ങൾ കൊഴിയുമ്പോൾ എൻെറ നെഞ്ചിലെ ചൂടേറ്റുമയങ്ങിയ നല്ല നാളുകൾ നീ ഓർക്കുന്നുവോ..? അനുഭവങ്ങളെനിക്കു പാഠമായിട്ടും ഞാനെനിയുമവളെ മറന്നില്ലെ? നിൻെറ വശ്യതയാർന്ന ചിരിയിൽ എത്രപേർ മയങ്ങി. ഇല്ല. ഓർമ്മകളെന്നേക്കുമായി നശിച്ചെങ്കിൽ..... ഇനിയെന്തിനീ ജീവിതം...?

---

ആർ. കൈപ്രത്ത്